**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി കേന്ദ്രീകരിച്ചുള്ള ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (എ) | ഇക്കാര്യം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 13 കേസുകളിൽ, 8 കേസുകളിൽ, അന്വേഷണം പൂർത്തീകരിച്ച് പ്രതികൾക്കെതിരെ ബഹ:ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, നാദാപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 കേസുകളിൽ ഊർജ്ജിത അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത തട്ടിപ്പിന് ഇരയായവർ സമരം നടത്തുന്നതിനിടെ ആക്രമിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തുന്നത്; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിന് കുറ്റ്യാടി പോലീസ് സ്റ്റേഷൻ ക്രൈം നം. 123/22 Us 323, 324, 308, 506, r/w 34 IPC ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി 4 പ്രതികൾക്കെതിരെ ബഹ.ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നാദാപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, കേസ് വിചാരണയിലുമാണ്. |

സെക്ഷൻ ഓഫീസർ